(ഡി) കേന്ദ്രകമ്മിഷന്റെ പ്രവർത്തനമണ്ഡലവും, വ്യാപ്തിയും, ഉദ്ദേശവും, ഇവിടത്തെ കമ്മിറ്റിയുടെ ഉദ്ദേശലക്ഷ്യവുമായി വല്ല സാദൃശ്യവും ഉണ്ടോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) പ്രസ്തുത കമ്മിറ്റിയുടെ നിയമനം സംബന്ധിച്ചുള്ള പ്രാരംഭനടപടികൾ പൂർത്തിയാകാത്തതുകൊണ്ട്.

(ബി) ഇപ്പോൾ തീർച്ച പറയാൻ നിവൃത്തിയില്ല. ഈ സ്റ്റേറ്റിന് ഒരു പ്രത്യേക കമ്മിറ്റി ആവശ്യമാണോ എന്നും ആണെങ്കിൽ അതിന്റെ റഫറൻസ് അഫ് റഫറൻസ് എന്തായിരിക്കണമെന്നും, തീർച്ച ചെയ്യുന്നതു് ഇപ്പോൾ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്ന കേന്ദ്ര പ്രസ്സ് കമ്മിഷന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം മതിയാകുമെന്നാണ് യൂണിയൻഗവണ്മെൻറിന്റെ അഭിപ്രായം. ഈ അഭിപ്രായത്തെപ്പറ്റി ഗവണ്മെൻറ് ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അവസാന തീരുമാനത്തിൽ എത്തിയിട്ടില്ല.

(സി) അങ്ങനെ ഈ ഗവണ്മെൻറിന് അഭിപ്രായമില്ല.

(ഡി) കേന്ദ്ര പ്രസ്സ് കമ്മിഷൻ അഖിലേൻഡ്യാ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒന്നാണ്. അതിന്റെ പ്രവർത്തനമണ്ഡലത്തിൽ ഉൾപ്പെടാത്ത ഒരു പ്രശ്നമാണ് ഇവിടത്തെയും വർക്കിംഗ് ജേണലിസ്റ്റുകളുടെ സ്ഥിതിഗതികളും. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ഈ കാര്യത്തിൽ ഒരു പ്രത്യേകാന്വേഷണം നിഷ്പ്രയോജനകരമായിരിക്കുകയില്ലെന്നു് ഗവണ്മെൻറ് വിശ്വസിക്കുന്നു. എങ്കിലും പ്രസ്സ് കമ്മിഷൻ എൻക്വയറി ആക്റ്റ് അനുസരിച്ച് ഈവക കാര്യങ്ങളിൽ കേന്ദ്രഗവണ്മെൻറിന്റെ നിർദ്ദേശങ്ങൾകൂടി പരിഗണിക്കേണ്ടതാണ്.

Price of paddy.

*35. [46] **Shri Sattanatha Karayalar :** Will the Minister for Finance and Civil Supplies be pleased to state :

(*a*) whether the price of paddy has risen or fallen as a result of the policy of free transport and sale ; what is the price of paddy in the open market and in the ration shops ; and

(*b*) whether the Government have studied the food situation in the enclaves such as Shencottah and Chittur ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) On the whole the price of paddy has shown a downward trend as a result of the policy of free transport and sale. But in the lean months of June and July there was a tendency for the price to rise up. This was due to the widespread failure of crops following drought and the consequent scarcity of stocks in the open market. But with the commencement of the harvest, the price has fallen. The

LIBRARY ARCHIVES Kerala Legislative Assembly

price of paddy in the open market varies from place to place. The issue price from ration shops also varies as it depends on the distance of the ration shop from the nearest Government Depot and the transport charges to be incurred. The issue price of paddy from Government Depots is Rs. 2-8-0 per Travancore standard para.

(*b*) Yes.

Industrial Workers.

*36. [47] **Shri P. V. Avira Tharakan :** Will the Minister for Finance be pleased to state :

(*a*) how many buildings have been constructed in this State under the Industrial Workers Housing Scheme in 1952 and 1953 ; and

(*b*) the amount given by way of loan and grant by the Union Government in 1953 ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon) :**

(*a*) None.

(*b*) Nil.

പുഴുക്കളെ സംരക്ഷിക്കുന്നതിനുള്ള കേന്ദ്രം.

✻ നം ൭. [൪൫] ശ്രീ. ഇ൯. ഗോപാലകൃഷ്ണമേനോ൯ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി പ്രോജക്റ്റിന്റെ ആഭിമുഖ്യത്തിൽ പുഴുക്കളെ സംരക്ഷിക്കുന്നതിനുള്ള ഒരു കേന്ദ്രം തുടങ്ങാൻ ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ കേന്ദ്രം എവിടെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(സി) കേന്ദ്രം നടത്താൻ തെരഞ്ഞെടുക്കപ്പെട്ട സ്ഥലത്തെപ്പറ്റി എന്തെങ്കിലും തർക്കമുണ്ടായിട്ടുണ്ടോ?

(മുഖ്യമന്ത്രി ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) കുന്നുനാട്-ചാലക്കുടി പ്രോജക്റ്റിൽ 'പരിയാരം' എന്ന സ്ഥലത്ത്.

(സി) ഉണ്ട്.

കൊപ്രായുടെ ഇറക്കുമതി.

✻ നം ൭. [൪൯] ശ്രീ. ഇ൯. ഗോപാലകൃഷ്ണമേനോ൯ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊപ്രായുടെ ഇറക്കുമതി ചുങ്കം ഇളവു ചെയ്തുകൊണ്ടുള്ള കേന്ദ്രഗവണ്മെന്റിന്റെ തീരുമാനത്തെ ഈ ഗവണ്മെന്റ് പ്രതിഷേധിക്കുകയുണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly